## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2160** **11/02/2020 ൽ മറുപടിയ്ക്ക്**

### <u>ആരോഗ്യ വകുപ്പിലെ എൽ.ഡി.സി. നിയമനം സംബന്ധിച്ച്</u>

<table>
<tr><td></td><td><u>ചോദ്യം</u><br>ശ്രീ.മോൻസ് ജോസഫ്</td><td></td><td><u>മറുപടി</u><br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കോടതി വിധിയുടെ അടിസ്ഥാനത്തിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ ആരോഗ്യ വകുപ്പിലെ എൽ.ഡി.സി. ഒഴിവുകൾ മറ്റു തരത്തിൽ വകമാറ്റുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ;</td><td rowspan="3">(എ),<br>(ബി)<br>&<br>(സി)</td><td rowspan="3">ആരോഗ്യവകുപ്പിലെ എൽ.ഡി.ക്ലാർക്ക് ഒഴിവുകൾ 2018 ജനുവരി മുതൽ 2019 ഏപ്രിൽ മാസം വരെയുള്ള കാലയളവിൽ ആശ്രിത നിയമനം മുഖേനയാണ് നികത്തിയിട്ടുള്ളത്. ആശ്രിത നിയമന വ്യവസ്ഥകളിലെ ചട്ടങ്ങൾക്ക് അനുസൃതമായി നിയമനം ലഭിക്കുന്നതിന് അർഹരായ ഉദ്യോഗാർത്ഥികളെ മാത്രമാണ് സീനിയോറിറ്റി പ്രകാരം മേൽ കാലയളവിൽ നിയമിച്ചിട്ടുള്ളതെന്നതിനാൽ മറ്റ് യാതൊരു തരത്തിലുള്ള നിയമനങ്ങൾക്കും ഒഴിവുകൾ വകമാറ്റിയിട്ടില്ല. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ വകുപ്പിൽ ഒരു വർഷം ഉണ്ടാകുന്ന ഒഴിവുകളുടെ 5 ശതമാനം മാത്രം ആശ്രിതനിയമനത്തിനായി നീക്കി വയ്ക്കാനും ബാക്കി ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമാനുസൃതമായി വ്യവസ്ഥകൾ പ്രകാരമാണ് ഈ വകുപ്പിൽ എൽ.ഡി.ക്ലാർക്ക് നിയമനം നടന്നിട്ടുള്ളതെന്നതിനാൽ ആരോഗ്യവകുപ്പിലെ എൽ.ഡി.സി. ഒഴിവുകൾ കോടതി വിധി മറികടക്കുവാൻ വകമാറ്റം ചെയ്യുന്നതായുള്ള റാങ്ക് ഹോൾഡേഴ്സിന്റെ പരാതികളിൽ കഴമ്പുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ പരാതികളിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.</td></tr>
<tr><td>(ബി)</td><td>ആരോഗ്യ വകുപ്പിലെ ആശ്രിത നിയമനം പരിധിയിൽ കവിഞ്ഞതായുള്ള പരാതിയെ കുറിച്ച് അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ; കഴിഞ്ഞ രണ്ട് വർഷവും ആരോഗ്യ വകുപ്പിൽ എൽ.ഡി.സി. തസ്തികയിൽ ആശ്രിത നിയമനം മാത്രമാണ് നടന്നിട്ടുള്ളതെന്ന കാര്യം ഗൗരവമായി പരിശോധിക്കുമോ;</td></tr>
<tr><td>(സി)</td><td>ആരോഗ്യ വകുപ്പിലെ എൽ.ഡി.സി. ഒഴിവുകൾ കോടതി വിധി മറികടക്കുവാൻ വകമാറ്റം ചെയ്യുന്നതായുള്ള റാങ്ക് ഹോൾഡേഴ്സിന്റെ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;</td></tr>
<tr><td>(ഡി)</td><td>ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ 2016 ജനുവരി മുതൽ 2020 ജനുവരി വരെ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ ഇരിക്കുന്ന ക്ലർക്ക്, സൂപ്രണ്ട് ആരൊക്കെയാണ്; പ്രസ്തുത സീറ്റിൽ ഇവർ ഇരിക്കാൻ തുടങ്ങിയിട്ട് എത്ര വർഷമായെന്നും ഇവർക്ക് സീറ്റ് മാറ്റം നൽകാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ; ഇവർ</td><td>(ഡി)</td><td><table>
<tr><td>പേരുകൾ</td><td>പ്രസ്തുത സീറ്റുകളിൽ ജോലി ചെയ്ത കാലയളവ്</td></tr>
<tr><td>രാജേഷ് - ക്ലാർക്ക്,<br>ഗോപാലകൃഷ്ണൻ - സൂപ്രണ്ട്</td><td>2016 ജനുവരി മുതൽ മെയ് വരെ</td></tr>
<tr><td>സജികുമാർ എ. - ക്ലാർക്ക്,<br>ഷൈലജാ ദേവി - സൂപ്രണ്ട്.</td><td>2016 മെയ് മുതൽ 2017 സെപ്റ്റംബർ വരെ</td></tr>
<tr><td>അഖില ജി.എസ്.- ക്ലാർക്ക്,<br>ശശികല വി. - സൂപ്രണ്ട്.</td><td>2017 സെപ്റ്റംബർ മുതൽ 2019 ഓഗസ്റ്റ് വരെ</td></tr>
</table></td></tr>
</table>

<table>
<tr>
<td></td>
<td>വൈരനിര്യാതന ബുദ്ധിയോടെ പെരുമാറുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?</td>
<td></td>
<td>
<table>
<tr><td>അഖില ജി.എസ്.- ക്ലാർക്ക്,<br>ലാൽ കൃഷ്ണൻ - സൂപ്രണ്ട്</td><td>2019 ഓഗസ്റ്റ് മുതൽ<br>തുടരുന്നു.</td></tr>
</table>
മേൽ വിവരിച്ച ഉദ്യോഗസ്ഥർ തുടർച്ചയായി ദീർഘകാലം സീറ്റുകൾ കൈകാര്യം ചെയ്തിട്ടില്ലാത്തതിനാലും ഇവരുടെ ഭാഗത്തു നിന്ന് വീഴ്ചകൾ സംഭവിച്ചിട്ടില്ലാത്തതിനാലും ഇവർക്ക് സീറ്റ് മാറ്റം നൽകേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. ഇവർ വൈരനിര്യാതന ബുദ്ധിയോടെ പെരുമാറുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
</td>
</tr>
</table>

സെക്ഷൻ ഓഫീസർ